(സി)&(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വ്യാജമദ്യവിൽപ്പന തടയുന്നതിന് കുറെക്കൂടെ റെയിഡുകൾ നടത്തുകയും കുറ്റക്കാരുടെ പേരിൽ കർശനനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

32 (2589) എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോളിന്റെ ഉൽപ്പാദനം

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രാണ്ടിയും വിസ്കിയും ഉൽപ്പാദിപ്പിക്കുവാൻ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ അല്ലാതെ മറ്റേതെങ്കിലും ഉപയോഗിക്കുവാനുള്ള അനുവാദം കേരളത്തിലെ ഡിസ്റ്റിലറികൾക്ക് സർക്കാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ എക്സ്ട്രാ ന്യൂട്രൽ ആൾക്കഹോൾ ഉൽപ്പാദിപ്പിക്കാൻ ഇപ്പോൾ ആർക്കെല്ലാമാണ് അനുവാദം ഉള്ളത്;

(സി) ഈ ഡിസ്റ്റിലറികളിൽ എത്ര ലിറ്റർ ഇ.എൻ.എ. പ്രതിദിനം ഉൽപ്പാദിപ്പിക്കുന്നുണ്ട്;

(ഡി) ഇത് കേരളത്തിലെ ആവശ്യത്തിന് മതിയാകുന്നുണ്ടോ; ഇല്ലെങ്കിൽ ഈ കുറവ് നികത്തുന്നത് എങ്ങനെയാണ്?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) കോഴിക്കോട്ടെ യുണൈറ്റഡ് ഡിസ്റ്റിലറിക്കും തൃശ്ശൂരിലെ കെയ്സി ഡിസ്റ്റിലറിക്കും ചാലക്കുടിയിലെ പോൾസൺ ഡിസ്റ്റിലറിക്കും പാലക്കാട് ചിക്കോപ്സ് ഡിസ്റ്റിലറിക്കും ചേർത്തലയിലെ മാക്ഡവൽ ഡിസ്റ്റിലറിക്കും കോട്ടയത്തെ കാസനോവ ഡിസ്റ്റിലറിക്കും തിരുവല്ലയിലെ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസിനും തൃശ്ശൂരിലെ സൂപ്പർസ്റ്റാർ ഡിസ്റ്റിലറിക്കും ആലുവയിലെ തോട്ടയ്ക്കാട് ഡിസ്റ്റിലറിക്കുമാണ് അനുവാദമുള്ളത്.

(സി) 19100 ബൾക്ക് ലിറ്റർ

(ഡി) കേരളത്തിലെ ആവശ്യത്തിന് മതിയാകുന്നില്ല. ഈ കുറവ് നികത്തുന്നതിന് ഇ.എൻ.എ. അന്യസംസ്ഥാനത്തുനിന്ന് ഇറക്കുമതി ചെയ്യുന്നു.

33 (2590) മായംചേർന്ന മദ്യപരിശോധനയ്ക്ക് മൊബൈൽ ലബോട്ടറി

ശ്രീ. പി.ജെ. ജോയി :

ശ്രീ. എഴുകോൺ നാരായണൻ :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly